എം.എസ്സ്.പി. ക്യാമ്പുകളിൽ ഏഴു ബറ്റാലിയനുകളിലായി പരിശീലനം ലഭിച്ച 1503 പേരുണ്ട്. അവരെ എ.ആർ. ക്യാമ്പിലേയ്ക്കും അവിടെയുള്ള വരെ ലോക്കൽ പോലീസ് സ്റ്റേഷനിലേയ്ക്കും മാറ്റിയാൽ 1004 വേക്കൻസി യുണ്ടാകും. ഇപ്പോൾ 1500 പേർക്ക് ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുക യാണ്. 2000 മാണ്ട് ആകുമ്പോഴേക്കും ഒഴിവുകളുടെ എണ്ണം ഇരട്ടിയാകും. അതുകൊണ്ട് അടുത്ത ഒരു വർഷത്തെ ഒഴിവുകൾക്കൂടി കണക്കിലെടുത്ത് നിയമനം നടത്തണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ സംസ്ഥാനത്ത് കഴിവതുംവേഗം ഒഴിവുകൾ നികത്തുന്ന തിന് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ശേഷിക്കുന്നവരെക്കൂടി നിയമിക്കു വാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ , വിവിധ ക്യാമ്പുകളിലായി ഇപ്പോൾ പരിശീലനം നടന്നു കൊണ്ടിരിക്കുന്ന 2,583 പോലീസ് കോൺസ്റ്റബിൾമാരുടെ റിക്രൂട്ട്മെന്റിനു പുറമെ പുതിയ ബാച്ചുകൾക്കുകൂടി പരിശീലനം നൽകുവാൻ ഡി.ജി.പി. ക്കു നിർദ്ദേശം നല്കിയിട്ടുണ്ട്. 1,150 പേർ അടങ്ങുന്ന ബാച്ചിന്റെ പരിശീലന മാണ് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. പരിശീലനം ആരംഭി ക്കുവാനുള്ള ക്യാമ്പുകളുടെ സൗകര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് 1999 മേയ് മാസം അവസാന വാരത്തിലും ജൂലായ് മാസം ആദ്യവാര ത്തിലും പരിശീലനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. കെ.എ.പിയിൽ 215 പേരെയും കെ.എ.പി II ലേയ്ക്ക് 128 പേരേയും കെ.എ.പി III യിലേയ്ക്ക് 270 പേരെയും കെ.എ.പി IV ലേയ്ക്ക് 167 പേരെയും കെ.എ.പി V യിലേയ്ക്ക് 8 പേരെയും എം.എസ്.പി യിലേയ്ക്ക് 229 പേരെയും എസ്.എ.പി യിലേയ്ക്ക് 150 പേരെയുമാണ് നിയമിക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ആവശ്യമായ ഉദ്യോഗാർത്ഥികളുടെ പേരുകൾ നിർദ്ദേശിക്കുവാൻ കേരള പബ്ലിക്ക് സർവീസ് കമ്മീഷനോടു ആവശ്യപ്പെട്ടിട്ടുണ്ട്.

(3) ശ്രീചിത്രാ മെഡിക്കൽ സെന്ററിലെ ബുദ്ധിമുട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ആതുര സേവന രംഗത്ത് ശ്രദ്ധേയമാ യിട്ടുള്ള ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ ഇന്നത്തെ സാഹചര്യത്തെ സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. തിരു വിതാംകൂർ രാജകുടുംബത്തിന്റെ സംഭാവനയായി 1973 ലാണ് ഈ സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. സയൻസ് ആന്റ് ടെക്നോളജി വിഭാഗത്തിന്റെ കീഴിൽ ഒരു സ്വയംഭരണസ്ഥാപനമായി പ്രത്യേക പരിഗണന നൽകിക്കൊണ്ടാണ് ഇതിനെ വളർത്തിക്കൊണ്ടുവന്ന തെന്നു നമുക്കറിയാം. 1974 മുതൽ ഡോ. എം.എസ്.വല്യത്താൻ ഈ സ്ഥാപനത്തിന്റെ ഡയറക്ടറായിരുന്നു. 1994 വരെ, 20 വർഷം അദ്ദേഹം പ്രവർത്തിച്ചു. ജീവനക്കാരും ഡോക്ടർമാരും ഗവേഷകരുമെല്ലാം ഒരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി മെഡിക്കൽ സയൻസിന്റെയും ബയോമെഡി ക്കൽ എഞ്ചിനിയറിംഗ് ടെക്നോളജിയുടെയും വളർച്ചയ്ക്കും നമ്മുടെ സംസ്ഥാനത്ത് ഈ സ്ഥാപനം ഒരു പ്രധാനപ്പെട്ട ഹേതുവായി. ഇവിടെ കാർഡിയോളജി, കാർഡിയാക്ക് സർജറി, തൊറാസിക്ക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളിൽ അതിവിദഗ്ധ ചികിത്സ നൽകിവരുന്നു. ഈ സ്ഥാപനത്തിലൂടെയുള്ള ഗവേഷണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെയും ആതുര ശുശ്രൂഷയുടെയും വിജയം കണക്കിലെടുത്താണ് കേന്ദ്രസർക്കാർ ഇതിനെ ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി അംഗീകരിച്ചത് ഇൻഡ്യൻ പാർലമെന്റിന്റെ 80/52-ാം നമ്പർ ആക്ട് അംഗീകരിക്കപ്പെട്ടതിലൂടെ ഇത് ഒരു ദേശീയ സ്ഥാപനമായി മാറ്റി. ആതുര സേവന രംഗത്ത് കാർഡിയോളജി, ന്യൂറോളജി വിഭാഗങ്ങളിലായി ഇരുന്നൂറോളം രോഗികളെ കിടത്തി ചികിത്സിക്കാവുന്ന സജ്ജീകരണങ്ങൾ ഇവിടെയുണ്ട്. രോഗികളുടെ കൂടെയുള്ള കൂട്ടിരിപ്പുകാരെ ഇവിടെ ഇരുത്താറില്ല. രോഗികളെ അവരുടെ പ്രതിമാസ വരുമാനമനുസരിച്ച് എ, ബി1, ബി, സി, ഡി എന്നീ അഞ്ചു ഗ്രൂപ്പുകളിൽപ്പെടുത്തിയിട്ടുണ്ട്. ചികിൽസാനിരക്കുകളിൽ ഇളവുകൾ അനുവദിച്ചിരുന്നു. 'എ' ഗ്രൂപ്പ് തികച്ചും സൗജന്യമായിരുന്നു. 'ബി1' ഗ്രൂപ്പിൽ മെഡിക്കൽ ട്രീറ്റ്മെന്റിന് 500 രൂപയും സർജിക്കൽ ട്രീറ്റുമെന്റിന് 600 രൂപയും 'ബി' നിരക്കിന്റെ 60 ശതമാനവും 'സി' നിരക്കിന്റെ 80 ശതമാനവും 'ഡി' പൂർണ്ണമായും നൽകണം - ഇങ്ങനെയായിരുന്നു ചികിത്സാ നിരക്കുകൾ. ചികിത്സാനിരക്കുകളിൽ ഇളവുകൾ അനുവദിച്ചുവെങ്കിലും ചികിത്സാ സൗകര്യത്തിൽ യാതൊരുവിധ വിവേചനവും കാണിച്ചിരുന്നില്ല. ടെസ്റ്റുകൾക്കും ഓപ്പറേഷനുംവേണ്ടി കിടത്തി ചികിൽസിക്കുന്ന അവസരത്തിൽ എ,ബി1, വിഭാഗത്തിൽ ഓരോന്നിനും 20 ശതമാനം വീതവും മറ്റു വിഭാഗങ്ങൾക്ക് 60 ശതമാനവും എന്ന കണക്കിലും ആയിരുന്നു ഈടാക്കിയിരുന്നത്. എന്നാൽ കാലാനുസൃതമായി എ,ബി വിഭാഗക്കാരെ ഏതാണ്ട് പൂർണ്ണമായും തഴഞ്ഞ് മുഴുവൻ തുകയും നൽകാൻ കഴിയുന്ന സി,ഡി വിഭാഗക്കാരെ മാത്രമേ ഓപ്പറേഷനുവേണ്ടിയും മറ്റു ടെസ്റ്റുകൾക്കും അഡ്മിറ്റ് ചെയ്യുന്നുള്ളൂ. പാവപ്പെട്ട ആളുകൾക്ക്, പണം മുടക്കാൻ കഴിയാത്തവർക്ക് യാതൊരു സഹായവും കിട്ടുന്നില്ല. ശ്രീചിത്രയിൽ ചികിത്സാനിരക്ക് അമിതമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. മറ്റു പല സ്വകാര്യ സ്ഥാപനങ്ങളിലും ഉള്ളതിനേക്കാൾ ഉയർന്ന നിരക്കാണ് അവിടെ ഈടാക്കുന്നത്. ബൈപ്പാസ്സ് സർജറിക്ക് ശ്രീചിത്രയിൽ 90,000 രൂപ ഈടാക്കുമ്പോൾ സ്വകാര്യ ആശുപത്രികളിൽ 65,000 രൂപ മാത്രമേ ഈടാക്കുന്നുള്ളൂ. അതുകൊണ്ട് പലരും ചികിൽസയ്ക്കായി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്ന സ്ഥിതിയാണുള്ളത്. മറ്റൊന്ന് പാവപ്പെട്ട രോഗികൾക്ക് ഇന്ന് ശ്രീചിത്രയിൽ ചികിൽസ ലഭിക്കാത്ത ഒരു അവസ്ഥയുണ്ട്. പൂർണ്ണമായും പൈസ അടയ്ക്കുന്നവർക്കു മാത്രമേ അവിടെ ചികിത്സ ലഭിക്കുന്നുള്ളൂ. പുതുതായി രജിസ്റ്റർ ചെയ്തവരുടെ തിരക്ക് എതാണ്ട് കുറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഈ സ്ഥാപനത്തിന് സംസ്ഥാന ഗവൺമെന്റ് ഏതാണ്ട് 17.75 കോടി രൂപ പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും ഗ്രാന്റായി കൊടുക്കുന്നുണ്ട്. അതുകൊണ്ട് ഈ സ്ഥാപനത്തിൽ ഇന്നു വന്നിരിക്കുന്ന അവസ്ഥയെ സംബന്ധിച്ച് പരിശോധിക്കേണ്ടതായിട്ടുണ്ട്. നിയമനങ്ങളുടെ കാര്യത്തിൽ മാനേജ്മെന്റ് സ്വേച്ഛാധിപത്യത്തോടെയാണ് കാര്യങ്ങൾ നടത്തുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തണമെന്ന വ്യവസ്ഥ നിലവിലിരിക്കേ ശ്രീചിത്രയിലെ നിയമനങ്ങൾ സ്വകാര്യ ഏജൻസിക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. അവർ walk-in-interview, contract, adhoc എന്നീ ഓമനപ്പേരുകളിൽ പ്രഹസനങ്ങൾ കാട്ടിക്കൂട്ടി ഇഷ്ടപ്പെട്ടവർക്ക് നിയമനം നൽകുന്ന സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. അവിടെ ഒരു സംവരണതത്വവും പാലിക്കപ്പെടുന്നില്ല. ജീവനക്കാരാണെങ്കിൽ പൊതുവെ അസംതൃപ്തരാണ്. ഉന്നതാധികാരികളുടെ ഭാഗത്തുനിന്നുള്ള പ്രവൃത്തികളാണ് ജീവനക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

അസംതൃപ്തരാക്കുന്നത്. ഇത്തരത്തിലുള്ള ഒരു സ്ഥാപനത്തിൽ ജീവനക്കാരും മാനേജ്മെന്റും കൂട്ടായിപ്പോകാൻ പരിശ്രമിക്കേണ്ടതിനുപകരം ജീവനക്കാരെ കൂടുതൽ അസംതൃപ്തിയിലേയ്ക്ക് തള്ളി വിടുന്ന ഒരു അവസ്ഥാവിശേഷം ഇന്ന് നിലനിൽക്കുന്നു. ചുരുക്കത്തിൽ കെടുകാര്യസ്ഥത നിമിത്തം ഈ സ്ഥാപനം തകർച്ചയിലേക്ക് നീങ്ങുകയാണ്. കേരളത്തിന്റെ അഭിമാനമായിരുന്ന സൂപ്പർ സ്പെഷ്യാലിറ്റി നിലവാരം പുലർത്തിയിരുന്ന ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ നല്ല നാളുകൾ തിരികെ ലഭ്യമാക്കുവാൻ ഗവൺമെന്റിനു ഉത്തരവാദിത്വമുണ്ട്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

11 a.m.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി.ശിവദാസമേനോൻ) : ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി 1980-ലെ കേന്ദ്ര ആക്ട് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിന്റെ ലക്ഷ്യങ്ങൾ ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, ടെക്നോളജി എന്നിവയുടെ വികസനം, post doctoral ലവലിലുള്ള പരിശീലനം നൽകൽ, ബയോ മെഡിക്കൽ ടെക്നോളജിയുടെ ശാസ്ത്ര-സാങ്കേതിക വികസനത്തിനുവേണ്ട സാഹചര്യം ഒരുക്കൽ എന്നിവയാണ്. എങ്കിലും ചികിൽസയ്ക്കുള്ള പ്രാധാന്യം മുൻനിർത്തി ഹോസ്പിറ്റലിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. 1979-ൽ കേന്ദ്ര സർക്കാർ ഈ സ്ഥാപനം ഏറ്റെടുക്കുന്നതിനുമുൻപ് ഇവിടെ 10000 ഔട്ട് പേഷ്യൻസും 2000 ഇൻ പേഷ്യൻസും 500 സർജറിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ അത് യഥാക്രമം 60000 ഔട്ട് പേഷ്യൻസും 6500 ഇൻപേഷ്യൻസും 3000 സർജറികളും എന്ന നിലയിൽ ഉയർന്നിട്ടുണ്ട്. ആധുനിക ചികിൽസാസൗകര്യങ്ങൾ ഈ സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇന്ത്യയിൽ മറ്റൊരു സ്ഥാപനത്തിലും ഇല്ലാത്ത അത്യാധുനിക സജ്ജീകരണങ്ങൾ ഈ സ്ഥാപനത്തിലുണ്ട്. Comprehensive Epilepsy Centre. Movement Disorder Clinic, Epilepsy Surgery, കുട്ടികളുടെ പഠനവൈകല്യത്തിനുള്ള പുതിയ ചികിത്സ, ഓപ്പറേഷൻ കൂടാതെയുള്ള ഹൃദയ ചികിൽസാ സംവിധാനം, ഹൃദയം, തലച്ചോർ ഇവയുടെ ചികിൽസയ്ക്ക് ആവശ്യമായ എം.ആർ.ഐ. (Magnetic Reconnaissance Imaging), CT Scan, Video EG, Stereostratic Surgery, Equipments, Intra aortic Baloon Pump, Computerised Treadmill Imaging Complex.....) തുടങ്ങിയ ആധുനിക സജ്ജീകരണങ്ങൾ അവിടെയുണ്ട്. കുറഞ്ഞ വരുമാനക്കാർക്ക് സബ്സിഡി നിരക്കിൽ ടെസ്റ്റുകൾ നടത്തിക്കൊടുക്കുന്നുണ്ട്. മറ്റ് എല്ലാ രംഗങ്ങളിലും അനുഭവപ്പെടുന്ന വിലവർദ്ധന ഈ സെൻററിനെയും ബാധിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകാൻ അധികമായി വേണ്ടിവരുന്ന തുക ചികിത്സാ രംഗത്തുനിന്നുതന്നെ സംഭരിക്കേണ്ടതുള്ളതുകൊണ്ട് ചികിൽസാ ചെലവിന്റെ നിരക്കിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിയമിച്ച ശമ്പള കമ്മിഷനുകളുടെ ശുപാർശകൾ നടപ്പാക്കുന്നതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് അതിന്റേതായ കമ്മീഷൻ വച്ച് സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തിയിട്ടുമുണ്ട്. ഇവിടത്തെ നിയമനങ്ങൾ ശ്രീചിത്രാ ആക്ട് പ്രകാരമാണ് നടത്തുന്നത്. സ്ഥിരനിയമനത്തിന് അനുയോജ്യരായവരെ കിട്ടാതെ വരുമ്പോഴും ജോലിയിലുള്ളവർ അപ്രതീക്ഷിതമായി പിരിഞ്ഞു പോകുമ്പോഴും മാത്രമാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. സമാനസ്ഥാപനങ്ങളായ All India Institute of

LIBRARY ARCHIVES Kerala Legislative Assembly

Medical Sciences (New Delhi), Post Graduate Institute (Chadigarh) എന്നിവയെ അപേക്ഷിച്ച് സൗജന്യ ചികിത്സ നൽകുന്നതിനും ചികത്സാനിലവാരം മെച്ചപ്പെടുത്തി നിലനിറുത്തുന്നതിനും ഗവേഷണ രംഗത്തെ പുരോഗതിയിൽ ശാസ്ത്ര സാങ്കേതിക വികാസത്തിൽ മുന്നോട്ടു നിൽക്കുന്ന ശ്രീചിത്രാ ഇൻസ്റ്റിട്യൂട്ട് ഇന്ത്യയിൽ മാത്രമല്ല രാജ്യാന്തരത്തിൽത്തന്നെ തല ഉയർത്തി നിൽക്കുന്ന ഒരു സ്ഥാപനമാണ്. ഇതിനായി എല്ലാ ജീവനക്കാരും തികഞ്ഞ അച്ചടക്കവും നല്ല പെരുമാറ്റ രീതിയും പാലിക്കേണ്ടതാണ്. ഇത് നിഷ്കർഷിക്കുകയല്ലാതെ അതിലെ സംഘടനാപ്രവർത്തനങ്ങൾക്ക് വിപരീതമായി യാതൊരു നടപടിയും കൈക്കൊണ്ടിട്ടുള്ളതായി അറിയില്ല. ഈ സ്ഥാപനം കേരള സർക്കാരിന്റെ അധീനതയിലുള്ളതല്ല.കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

(4) തൃക്കരിപ്പൂർ മണ്ഡലത്തിലെ വെളിച്ചംതോട് പ്രദേശത്തെ മിച്ചഭൂമി പതിച്ചുനൽകൽ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : സർ, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെളിച്ചംതോട് പ്രദേശത്തെ കൈവശക്കാരുടെ ഭൂമി പതിച്ചു നൽകാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പ്രദേശത്ത് താഴ്ന്ന വരുമാനക്കാരായ 102 കർഷകത്തൊഴിലാളി കുടുംബങ്ങൾ വർഷങ്ങളായി താമസിച്ചു വരികയാണ്. യഥാർത്ഥത്തിൽ ഈ സ്ഥലം വാസയോഗ്യമാണെന്ന് പറയാൻ കഴിയില്ല. കടുത്ത പാറകൾ ഉള്ള വാസയോഗ്യമല്ലാത്ത സ്ഥലമാണ് ഇത്. മറ്റു ഭൂമിയൊന്നുമില്ലാത്ത പാവപ്പെട്ട ഈ വിഭാഗം വർഷങ്ങളായി ഇവിടെ വീട് വച്ച് താമസിക്കുകയാണ്. ആ ഭൂമി പതിച്ചു കിട്ടുന്നതിന് ഒരുപാട് പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. ഈ കഴിഞ്ഞ മാസം ജാഥയായി കർഷകത്തൊഴിലാളികളുടെ നേതൃത്വത്തിൽ ഈ തൊഴിലാളികൾ കളക്ടറേറ്റ് മാർച്ച് നടത്തുകയുണ്ടായി. ഈ കൈവശഭൂമി പതിച്ചുനൽകണമെന്ന ആവശ്യം പലതവണ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷേ പാവപ്പെട്ട, താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്ക് ഭൂമി പതിച്ചുനൽകാനുള്ള നടപടിക്രമങ്ങൾ പല സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നീട്ടിവയ്ക്കുകയാണ് ഉണ്ടായത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് അടിയന്തിരമായി പാവപ്പെട്ടവർക്ക് ഭൂമി പതിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : വെളിച്ചംതോട് പ്രദേശത്ത് സർക്കാർ അധീനതയിലുള്ള മിച്ചഭൂമി ഏകദേശം 50-ഓളം പേർ കൈയേറിയിട്ടുണ്ട് എന്നാണ് ലഭിച്ചിട്ടുള്ള വിവരം. അവിടെ അവർ വീടുവച്ചു താമസിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഇത്തരം ഭൂമിയിൽ അനധികൃത കൈയേറ്റം അനുവദിക്കുകയില്ല. ഈ കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുവേണ്ടി ലാന്റ്ബോർഡ് ഉത്തരവിട്ടു. എന്നാൽ വീട് വച്ച് താമസിക്കുന്നവർക്ക് ഭൂമി പതിച്ചുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുപോലെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. അവിടെ സമരങ്ങൾ നടക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളാ ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഇതിനു

LIBRARY ARCHIVES Kerala Legislative Assembly